(ബി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമപ്രകാരം പുകയില ചേർന്ന പാൻമസാല നിരോധിച്ചുകൊണ്ട് സംസ്ഥാന ഫുഡ് ഹെൽത്ത് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ രണ്ട് പ്രാവശ്യം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവുകൾ നിയമത്തിന്റെ അപര്യാപ്തത കാണിച്ച് ബഹു. കേരള ഹൈക്കോടതി അസാധുവാക്കി ഇതിനെ തുടർന്ന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പാൻമസാല പോലെയുള്ള ലഹരി പദാർത്ഥങ്ങൾ നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പാൻമസാല ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങളെപ്പറ്റി പൊതുജനങ്ങളെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റേയും റീജിയണൽ ക്യാൻസർ അസോസിയേഷന്റേയും ആഭിമുഖ്യത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ബോധവൽക്കരണം തുടർന്നും സംഘടിപ്പിക്കുവാൻ സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർക്കും ഹെൽത്ത് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടുവരുന്ന നടപടികൾ

11 (*534) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ് ;

(ബി) മലിനീകരണം സൃഷ്ടിച്ച് പൊതുജനങ്ങൾക്ക് ഹാനികരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരിൽ നടപടി കൈക്കൊള്ളാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) മലിനീകരണം മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് സർക്കാർ രൂപം നൽകുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ജല-വായു മലിനീകരണം തടയാൻ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1981 എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണ നിയമവും അതനുസരിച്ച് ഉണ്ടാക്കിയ ഹസാർഡ്സ് വേസ്റ്റ്സ് (മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1989, ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1998, റീസൈക്കിൾഡ് പ്ലാസ്റ്റിക്സ് മാനുഫാക്ചർ ആന്റ് യൂസേഴ്സ് റൂൾസ് 1999, മുൻസിപ്പൽ സോളിഡ്സ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 2000, തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികളും എടുത്തുവരുന്നു. പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നിബന്ധനകൾ പാലിക്കുവാൻ, വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും അപാകതകൾ കാണുന്ന പക്ഷം അത് ശ്രദ്ധയിൽ കൊണ്ടുവരികയും മുൻകരുതൽ നടപടികൾ സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുകയും ചെയ്തുവരുന്നു. ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ബി) ഉണ്ട്. ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 33 എ വകുപ്പുപ്രകാരവും, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമത്തിലെ 31 എ വകുപ്പുപ്രകാരവും സ്ഥാപനം അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുകയും, വിദ്യുച്ഛക്തി, ജലവിതരണം എന്നിവ വിച്ഛേദിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുകയും കുറ്റക്കാരെ ശിക്ഷിക്കാൻ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു.

(സി) ജല നിയമപ്രകാരം 4 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ജല നിയമപ്രകാരം 8 സ്ഥാപനങ്ങൾക്കും വായു നിയമപ്രകാരം 47 സ്ഥാപനങ്ങൾക്കും അടച്ചുപൂട്ടൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നുണ്ട്.

ആയുർവേദ മരുന്നിന്റെ കയറ്റുമതി

12 (*535) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്ന് ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 2002-03-ൽ എന്തുവിലയ്ക്കുള്ള ആയുർവേദ ഔഷധങ്ങൾ കയറ്റുമതി ചെയ്യുകയുണ്ടായി ;

(സി) ആയുർവേദ മരുന്നിന്റെ കയറ്റുമതിയിൽ 'ഔഷധി'യുടെ പങ്ക് എത്ര എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly